പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2241 13.02.2013 ൽ മറുപടിയ്ക്ക്

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.എൻ.ഷംസുദ്ദീൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട ജല വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ടെന്ന കാര്യം വിശദമാക്കാമോ;

(ബി) കമ്മീഷൻ ചെയ്ത ചെറുകിട ജലവൈദ്യുത പദ്ധതികളുടെ പേരുവിവരവും ഉദ്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവും വ്യക്തമാക്കാമോ;

(എ) & (ബി) 4 എണ്ണം

1. റാന്നി പെരുനാട് ചെറുകിട ജല വൈദ്യുത പദ്ധതി - 4 MW
2. പീച്ചി ചെറുകിട ജലവൈദ്യുതപദ്ധതി - 1 .25 MW
3. മാങ്കുളം ചെറുകിട ജലവൈദ്യുത പദ്ധതി - 110 KW
4. ഇരുട്ടുകാനം പദ്ധതിയുടെ രണ്ടാം ഘട്ടം - 1.5MW

(സി) നിർമ്മാണത്തിലിരിക്കുന്ന ചെറുകിട ജല വൈദ്യുത പദ്ധതികളുടെ പേരും അവയിൽ നിന്നും പ്രതീക്ഷിക്കുന്ന വൈദ്യുതിയുടെ തോതും അറിയിക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് കമ്മീഷൻ ചെയ്യുമെന്ന് അറിയിക്കാമോ?

(സി) & (ഡി)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി | പൂർത്തിയാകുവാനുദ്ദേശിക്കുന്ന വർഷം |
|---|---|---|---|
| (i) | വിലങ്ങാട് | 7.5 MW | 2013 |
| (ii) | ബാരാപ്പോൾ | 15 MW | 2014 |
| (iii) | ചാത്തൻകോട്ടു നട | 6 MW | 2014 |
| (iv) | പെരുന്തേനരുവി | 6 MW | 2014 |

(...2)

| | | | |
|---|---|---|---|
| (v) | കക്കയം | 3 MW | 2014 |
| (vi) | വെള്ളത്തുവൽ | 3.6 MW | 2014 |
| (vii) | ചിമ്മിനി | 2.5 MW | 2014 |
| (viii) | ആഡ്യൻപാറ | 3.5 MW | 2015 |
| **ആകെ** | | **47.1 MW** | |

മീൻവല്ലം ചെറുകിട ജലവൈദ്യുത പദ്ധതി (3 മെഗാവാട്ട്) - പാലക്കാട് ജില്ലാ പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന പദ്ധതിയുടെയും സ്വകാര്യ സംരംഭകരായ അയ്യപ്പ ഹൈഡ്രോ പവർ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്ന കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതി (15 മെഗാവാട്ട്) - യുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. മേൽപ്പറഞ്ഞ പദ്ധതികൾ മുഖേന 18 മെഗാവാട്ട് വൈദ്യുതി അധികമായി ലഭിക്കും. ഇതിനുപുറമേ, 9 ചെറുകിട ജലവൈദ്യുത പദ്ധതികൾ (40 മെഗാവാട്ട് സ്ഥാപിതശേഷി) വിവിധ സ്വകാര്യ സംരംഭകർക്ക് BOOT അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ മാത്രമേ ഇതുവരെ ആരംഭിച്ചിട്ടുള്ളൂ. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് മൂന്ന് വർഷത്തിനുള്ളിൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

**സെക്ഷൻ ഓഫീസർ**